**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2637** **27-02-2023 - ൽ മറുപടിയ്ക്ക്**

**അഡ്മിനിസ്ട്രേറ്റീവ് ഭരണത്തിൽ അംഗത്വം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. അൻവർ സാദത്ത്** | | **ശ്രീ. വി.എൻ വാസവൻ<br>(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി)** | |
| (എ) | മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ സംസ്ഥാനത്ത് എത്ര സഹകരണ ബാങ്ക്/ സംഘങ്ങളിൽ അഡ്മിനിസ്ട്രേറ്റീവ് ഭരണം ഏർപ്പെടുത്തിയിട്ടുണ്ട്; ഓരോ സംഘത്തിലും അഡ്മിനിസ്ട്രേറ്റീവ് ഭരണം ഏർപ്പെടുത്തിയ കാലയളവും ഈ കാലയളവിൽ നൽകിയ അംഗത്വത്തിന്റെ എണ്ണവും വ്യക്തമാക്കുമോ; | (എ) | മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ (2016 മുതൽ 2023 വരെ) സംസ്ഥാനത്ത് ഒട്ടനവധി സഹകരണ ബാങ്കുകൾ/സംഘങ്ങളിൽ ഈ കാലയളവിൽ പല തവണകളിലായും അഡ്മിനിസ്ട്രേറ്റീവ് ഭരണം ഏർപ്പെടുത്തിയിട്ടുണ്ട്. എന്നാൽ സംഘങ്ങളിൽ അംഗത്വം നൽകുന്നത് സംഘം ഭരണസമിതിയാണ്. |
| (ബി) | അഡ്മിനിസ്ട്രേറ്റീവ് ഭരണത്തിൽ അംഗത്വം നൽകുന്നവർക്ക് സംഘത്തിൽ നിന്നും ഏതൊക്കെ രീതിയിലുള്ള ആനുകൂല്യങ്ങൾ കൈപ്പറ്റുന്നതിനാണ് നിയമപരമായി അവകാശമുള്ളത്; വ്യക്തമാക്കുമോ; | (ബി) | സംഘത്തിൽ നിന്നും വായ്പകൾ എടുക്കാവുന്നതും, നിക്ഷേപങ്ങൾ നടത്താവുന്നതും മറ്റ് സേവനങ്ങൾ ഉപയോഗപ്പെടുത്താവുന്നതുമാണ്. |
| (സി) | പ്രസ്തുത അംഗങ്ങളുടെ മെമ്പർഷിപ്പിന് പിന്നീട് വരുന്ന ഭരണസമിതിയുടെ അംഗീകാരം ആവശ്യമാണോ; ഇപ്രകാരം മെമ്പർഷിപ്പ് അംഗീകരിക്കുന്നതിനുള്ള നടപടിക്രമം എന്താണ്; വ്യക്തമാക്കുമോ; | (സി) | അഡ്മിനിസ്ട്രേറ്റീവ് ഭരണ കാലയളവിൽ അംഗത്വം നൽകുന്നവർക്ക് പിന്നീട് വരുന്ന ഭരണ സമിതി പ്രസ്തുത അപേക്ഷകൾ പരിശോധിച്ച് അംഗത്വ അപേക്ഷ സഹകരണ നിയമത്തിനും ചട്ടങ്ങൾക്കും, സംഘം നിയമാവലിക്കും വിധേയമാണോ എന്ന് പരിശോധിച്ച് അംഗീകാരം നൽകിയതായി തീരുമാനം എടുത്താൽ ഒരു അംഗത്തിനുള്ള എല്ലാ അധികാര അവകാശങ്ങളും ഇത്തരം അംഗങ്ങൾക്ക് കൈവരുന്നതാണ്. |
| (ഡി) | മെമ്പർഷിപ്പുകൾ പുതിയ ഭരണസമിതി അംഗീകരിക്കാത്ത പക്ഷം അവർ കൈപ്പറ്റിയ ആനുകൂല്യങ്ങൾ തിരികെ പിടിക്കുന്നതിന് വ്യവസ്ഥയുണ്ടോ; വിശദാംശം നൽകുമോ? | (ഡി) | ആനുകൂല്യങ്ങൾ തിരികെ പിടിക്കുന്നതിന് സഹകരണ നിയമത്തിൽ വ്യവസ്ഥയില്ല. |

സെക്ഷൻ ഓഫീസർ